# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025**
**10.30am - 12.30pm**

**STD - V**

**മാർക്ക് - 50**
**സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക  1X10=10

1. ബഥേൽ എന്ന പദത്തിൻെറ അർത്ഥം എന്ത്?
2. ജോസഫിനെ കച്ചവടക്കാരിൽ നിന്നും വാങ്ങിയ ഫറവോയുടെ സേനാനായകൻ ആര്?
3. രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെടുന്നതാര്?
4. ആദിമ സഭയുടെ ചരിത്രം വിവരിക്കുന്ന ബൈബിൾ ഗ്രന്ഥമേത്?
5. ഏത് മലയിൽ വച്ചാണ് മോശയ്ക്ക് കത്തുന്ന മുൾപടർപ്പിൽ ദൈവസാന്നിധ്യം അനുഭവപ്പെട്ടത്?
6. തിന്മയിൽ നിന്നും നിരന്തരം സംരക്ഷിക്കുന്ന കവചമായി ജപമാലയെ കരുതിയിരുന്നത് ആര്?
7. മോശയെ ശക്തിപ്പെടുത്താൻവേണ്ടി ദൈവം എത്ര അടയാളങ്ങൾ നൽകി?
8. ദൈവവും ഇസ്രായേലും തമ്മിലുള്ള പരസ്പരബന്ധത്തിൻെറ തെളിവെന്ത്?
9. ഈജിപ്തിൽ നിന്നുള്ള മോചനത്തിനു ഒരുക്കമായി ദൈവം ഇസ്രായേലിനോട് ആവശ്യപ്പെട്ടത് എന്ത്?
10. മോശ മലയിലേക്ക് പോയപ്പോൾ ഇസ്രായേൽക്കാരുടെ കാര്യങ്ങൾ ഏൽപ്പിച്ചത് ആരെ?

- പ്രമാണങ്ങൾ
- ഹോറെബ്
- ജോഷ്വ
- വി. ഫ്രാൻസീസ് അസ്സീസി
- പെസഹാ ഭക്ഷിക്കുക
- പൊത്തിഫർ
- പശ്ചാത്തപിക്കുക
- മൂന്ന്
- ഉൽപ്പത്തി
- ദൈവത്തിൻെറ ഭവനം
- നാല്
- കാർലോ
- സീനായ്
- അഹറോൻ
- അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക  3X2=6

11. ദൈവം ഈജിപ്തിനുമേൽ അയച്ച ബാധകൾ ക്രമമായി എഴുതുക.

| | |
|---|---|
| അന്ധകാരം വ്യാപിക്കുന്നു | വെട്ടുക്കിളികൾ നിറയുന്നു |
| മൃഗങ്ങൾ ചത്തൊടുങ്ങുന്നു | ആദ്യജാതരെ വധിക്കുന്നു |
| വ്രണങ്ങൾ ബാധിക്കുന്നു | കൻമഴ വർഷിക്കുന്നു |

12. ..........., ..........., ..........., ..........., ........... എന്നിവ അടങ്ങുന്നതാണ് പഴയ നിയമത്തിലെ ആദ്യത്തെ അഞ്ച് ഗ്രന്ഥങ്ങൾ. ........... എന്നാണ് ഈ അഞ്ചു പുസ്തകങ്ങൾ അറിയപ്പെടുന്നത്.

**C. ചേരുംപടി ചേർക്കുക** **1X5=5**

13. മാമ്രേ താഴ്‌വര - 13 ലേഖനങ്ങൾ
പതിനാലു വർഷം - ഇസഹാക്ക്
പെസഹാ - സോളമൻ
പൗലോസ് ശ്ലീഹാ - യാക്കോബ്
മോശ - മിദിയാൻ
- മൂന്ന് ദൈവദൂതൻമാർ
- കടന്നുപോകൽ

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

14. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങളിൽ രണ്ടും മൂന്നും എഴുതുക.
15. ഈശോ സംസാരിച്ചിരുന്ന ഭാഷ ഏതാണ്?
16. വചനം പൂർത്തിയാക്കുക. പ്രഭാഷകൻ 14:2, "മനഃസാക്ഷി ..........."
17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തുറന്നിരിക്കുന്ന ബൈബിൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. ദൈവം മോശയെ ശക്തിപ്പെടുത്താൻവേണ്ടി നൽകിയ അടയാളങ്ങളിൽ മൂന്നാമത്തേത് ഏത്?
19. പെസഹായ്ക്കുള്ള ആട്ടിൻകുട്ടി എപ്രകാരമുള്ളതായിരിക്കണം?
20. രക്ഷാകര പദ്ധതിയിൽ ജോസഫിനുള്ള പങ്കാളിത്തം എന്ത്?
21. ദൈവം ഉടമ്പടിയിലൂടെ അബ്രാഹത്തിനു നൽകിയ രണ്ടാമത്തെ വാഗ്ദാനം എന്ത്?
22. ഈശോ നമുക്കു നല്കിയ പുതിയ കല്പന എന്ത്?

**F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

23. കാർലോ ഇഷ്ടപ്പെട്ട അസ്സീസിയെന്ന ഗ്രാമത്തെക്കുറിച്ചും, കാർലോയെ സ്വാധീനിച്ച ഫ്രാൻസിസ് അസ്സീസിയെക്കുറിച്ചും ഉപപാഠപുസ്തകത്തിലെ 'അസ്സീസിയെ സ്നേഹിച്ചവൻ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# Semester 1 2025-2026
# CLASS V

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക.

1. ദൈവത്തിന്റെ ഭവനം. **3/24/3**
2. പൊത്തിഫർ. **4/29/3**
3. വി. ഫ്രാൻസീസ് അസ്സീസി. **2/12/3 ഉപപാഠം**
4. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ. **1/12/1**
5. ഹോറെബ്. **5/37/1**
6. കാർലോ. **3/14/ ഉപപാഠം**
7. മൂന്ന്. **5/38/4**
8. പ്രമാണങ്ങൾ. **8/57/5**
9. പെസഹാ ഭക്ഷിക്കുക. **6/46/1**
10. അഹറോൻ. **8/58/1**

## B. ക്രമമായി എഴുതുക & പൂരിപ്പിക്കുക

14. **6/43/1(Box)**

1. മൃഗങ്ങൾ ചത്തൊടുങ്ങുന്നു 4 വെട്ടുക്കിളികൾ നിറയുന്നു

2. വ്രണങ്ങൾ ബാധിക്കുന്നു 5. അന്ധകാരം വ്യാപിക്കുന്നു

3. കൻമഴ വർഷിക്കുന്നു 6. ആദ്യജാതരെ വധിക്കുന്നു

13. **1/11/2**

- പ്രപഞ്ചസൃഷ്ടി, ഇസ്രായേൽ ജനതയുടെ തെരഞ്ഞെടുപ്പ്, അടിമത്തത്തിൽനിന്നുള്ള മോചനം, വിശുദ്ധനാട്ടിലേക്കുള്ള പ്രവേശനം, ജീവിതനിയമങ്ങൾ.
- പഞ്ചഗ്രന്ഥി

## C. ചേരുംപടി ചേർക്കുക

15. മാമ്രേ താഴ്‌വര – മൂന്ന് ദൈവദൂതൻമാർ **2/17/2**

പതിനാലു വർഷം – യാക്കോബ് **3/24/4**

പെസഹാ – കടന്നുപോകൽ **6/46/1**

പൗലോസ് ശ്ലീഹാ – 13 ലേഖനങ്ങൾ **1/12/1**

മോശ – മിദിയാൻ **5/37/4 line**

## D. നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ

14. 2. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നത്.

3. മേലിൽ പാപം ചെയുകയിലെന്നു പ്രതിജ്ഞ ചെയുന്നത്.

*15.* അരമായ

16. മനസാക്ഷി കുറ്റപ്പെടുത്താത്തവനും പ്രത്യാശ കൈവെടിയാത്തവനും ഭാഗ്യവാൻ.

17. **തുറന്നിരിക്കുന്ന ബൈബിൾ:** പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമായ ദൈവവചനത്തിന്റെ വായനയിലൂടേയും ധ്യാനത്തിലൂടേയും നാം ഈശോയിലെത്തണം.

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക

18. **5/38/6**

നീ നദിയിൽനിന്നു കുറെ വെള്ളമെടുത്തു കരയിൽ ഒഴിക്കുക. നദിയിൽ നിന്നു നീ എടുക്കുന്ന ജലം കരയിൽ രക്തമായി മാറും.

19. **6/44/2**

ഒരു വയസ്സുള്ളതും ഊനമറ്റതുമായ മുട്ടാട്.

20. **4/32/3**

ഇസ്രായേലിന് ഈജിപ്തിൽ എത്തിച്ചേരാൻ ദൈവം വഴിയൊരുക്കിയത് ജോസഫിലൂടെയാണ്.

21. **2/17/1**

അബ്രാഹത്തിനും സന്തതികൾക്കും ദൈവവുമായി പ്രത്യേക ബന്ധം ഉണ്ടായിരിക്കും.

22. **8/59/4**

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും.

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.

23. 'അസ്സീസിയെ സ്നേഹിച്ചവൻ' അദ്ധ്യായം രണ്ട് ഉപപാഠ പുസ്തകം.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** | **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** **STD - V** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. ഇസ്രായേൽ എന്ന വാക്കിന്റെ അർത്ഥം എന്ത്?
2. ഓരോ ദിവ്യകാരുണ്യ സ്വീകരണവും സ്വർഗത്തിലേക്കുള്ള ചവിട്ടുപടിയാണ് എന്ന് പറഞ്ഞതാര്?
3. "ആരാണ് കർത്താവ്? അവന്റെ വാക്കുകേട്ട് ഞാൻ എന്തിന് ഇസ്രായേൽക്കാരെ വിട്ടയയ്ക്കണം? ഞാൻ കർത്താവിനെ അറിയുന്നില്ല." ഇങ്ങനെ പറഞ്ഞതാര്?
4. 'ദൈവത്തിന്റെ ഭവനം' എന്നർത്ഥം വരുന്ന സ്ഥലം
5. മോശയുടെ നിയമത്തിന്റെ രത്നചുരുക്കം എന്ത്?
6. ജപമാല കൈയ്യിൽ ഉണ്ടെങ്കിൽ ആര് കൂടെ ഉണ്ടെന്നാണ് കാർലോ പറയുന്നത്?
7. 'പെസഹാ' എന്ന വാക്കിന്റെ അർത്ഥം എന്ത്?
8. ദൈവം ഈജിപ്ത്കാർക്ക് നൽകിയ പത്താമത്തെ ശിക്ഷ എന്തായിരുന്നു?
9. മോശ എന്ന വാക്കിന്റെ അർത്ഥം എന്ത്?
10. ജോസഫിനും സഹോദരങ്ങൾക്കും പിതാവായ യാക്കോബിനും ഫറവോ നൽകിയ ദേശം ഏത്?
11. ദൈവം മോശക്ക് സഹായത്തിനായി നൽകിയത് ആരെ?
12. ഇസ്രായേൽക്കാർ ചെയ്ത വലിയ പാപം എന്ത്?

| |
|---|
| പത്ത് കല്പനകൾ |
| വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ |
| മാതാവ് |
| ആദ്യജാതരുടെ വധം |
| അഹറോൻ |
| കടന്നുപോകൽ |
| വിഗ്രഹാരാധന |
| അന്ധകാരം വ്യാപിക്കുന്നു |
| ബഥേൽ |
| കാർലോ അക്കൂത്തിസ് |
| റമ്സേസ് |
| യാക്കോബ് |
| ഫറവോ |
| ഈശോ |
| ദൈവവുമായി മൽപ്പിടുത്തം നടത്തുന്നവൻ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

13. പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ എന്ത് പേരിലാണ് അറിയപ്പെടുന്നത്? അവ ക്രമമായി എഴുതുക.

.................................

പുറപ്പാട് | ലേവ്യർ | ഉൽപത്തി

നിയമാവർത്തനം | സംഖ്യ

14. ദൈവം ഈജിപ്തിനുമേൽ അയച്ച ബാധകൾ ക്രമമായി എഴുതുക.

| | |
|---|---|
| പേൻ പെരുകുന്നു | വ്രണങ്ങൾ ബാധിക്കുന്നു |
| ജലം രക്തമായി മാറുന്നു | തവളകൾ വ്യാപിക്കുന്നു |
| മൃഗങ്ങൾ ചത്തൊടുങ്ങുന്നു | ഈച്ചകൾ വർദ്ധിക്കുന്നു. |

## C. ചേരുംപടി ചേർക്കുക 1X5=5

| | | | |
|---|---|---|---|
| 15. | ബിബ്ലിയ | - | കൃപാവരം |
| | ഹോറെബ് മല | - | യാക്കോബിന്റെ മക്കൾ |
| | ഊർ | - | ദൈവത്തിന്റെ സന്ദേശം |
| | സീനായി മല | - | ബൈബിൾ |
| | 12 ഗോത്രങ്ങൾ | - | മുൾപ്പടർപ്പ് |
| | | - | അബ്രാഹം |
| | | - | പത്ത് പ്രമാണങ്ങൾ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

16. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ എത്ര? അതിൽ ഒന്നാമത്തേത് എഴുതുക.

17. കായികതാരങ്ങളുടെ മധ്യസ്ഥനായ വിശുദ്ധൻ ആര്?

18. വചനം പൂർത്തിയാക്കുക. 1 തെസലോനിക്കാ 5:16, "എപ്പോഴും ..........."

19. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'നാല് ആൾരൂപങ്ങൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

20. ദൈവം ഉടമ്പടിയിലൂടെ മൂന്ന് വാഗ്ദാനങ്ങൾ അബ്രാഹത്തിന് നൽകി. ഒന്നാമത്തെ വാഗ്ദാനം ഏത്?

21. ബൈബിൾ നമ്മുടെ ജീവിതത്തിന് വഴികാട്ടിയാകുന്നത് എങ്ങനെ?

22. അബ്രാഹം വിശ്വാസികളുടെ പിതാവായത് എങ്ങനെ?

23. ഈശോ നമുക്കു നൽകിയ പുതിയ കല്പന എന്ത്?

24. പത്ത് കല്പനകളിൽ വിഗ്രഹങ്ങളെ ആരാധിക്കരുത് എന്ന് അനുശാസിക്കുന്ന കല്പന എഴുതുക.

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

25. കാർലോ അക്കൂത്തിസിന്റെ ദിവ്യകാരുണ്യത്തോടുള്ള സ്നേഹവും ജപമാല ഭക്തിയും എപ്രകാരമായിരുന്നു? അത് നമ്മുടെ ജീവിതത്തിൽ എങ്ങനെ മാതൃകയാക്കാം?

**(അല്ലെങ്കിൽ)**

പഴയനിയമത്തിലെ ജോസഫിന്റെ കഥ ആരെയും ആകർഷിക്കുന്നതാണ്. ദൈവത്തിന്റെ പദ്ധതിയിലൂടെ ജോസഫ് ഈജിപ്തിന്റെ കാര്യസ്ഥനായത് എങ്ങനെ?

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# STD - V

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക (10 എണ്ണം)

1. ദൈവവുമായി മൽപ്പിടുത്തം നടത്തുന്നവൻ (പാഠം 3, പേജ് 25, പാര 3 )
2. കാർലോ അക്കുത്തിസ് ( ഉപപാഠം 3, പേജ് 13, പാര 3)
3. ഫറവോ (പാഠം 5, പേജ് 39, പാര 3)
4. ബഥേൽ (പാഠം 3, പേജ് 24, പാര 3 )
5. പത്ത് കല്പനകൾ (പാഠം 9, പേജ് 65, പാര 1)
6. മാതാവ് (ഉപപാഠം 5, പേജ് 17, പാര 1 )
7. കടന്നുപോകൽ (പാഠം 6, പേജ് 46, പാര 1 )
8. ആദ്യജാതരുടെ വധം (പാഠം 6, പേജ് 43, പാര 2 )
9. വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ (പാഠം 5, പേജ് 36, പാര 2 )
10. റമ്സേസ് (പാഠം 4, പേജ് 32, പാര 2 )
11. അഹറോൻ (പാഠം 5, പേജ് 39, പാര 1 )
12. വിഗ്രഹാരാധന (പാഠം 9, പേജ് 63, പാര 1)

## B. ഉത്തരം കണ്ടെത്തി ക്രമമായി എഴുതുക

13. പഞ്ചഗ്രന്ഥി- ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം (പാഠം 1, പേജ് 11, പാര 2)
14. ജലം രക്തമായി മാറുന്നു, തവളകൾ വ്യാപിക്കുന്നു, പേൻ പെരുകുന്നു, ഈച്ചകൾ വർദ്ധിക്കുന്നു, മൃഗങ്ങൾ ചത്തൊടുങ്ങുന്നു, വ്രണങ്ങൾ ബാധിക്കുന്നു.(പാഠം 6, പേജ് 43, പാര 2)

## C. ചേരുംപടി ചേർക്കുക

15. 1)ബിബ്ലിയ - ബൈബിൾ (പാഠം 1 പേജ് 9 പാര 1 )
2)ഹോറെബ് മല - മുൾപ്പടർപ്പ് (പാഠം 5 പേജ് 37 പാര 1 )
3)ഊർ - അബ്രാം (പാഠം 2 പേജ് 15 പാര 1)
4)സീനായ്മല - പത്ത് പ്രമാണങ്ങൾ (പാഠം 8 പേജ് 58 പാര 1)
5)12 ഗോത്രങ്ങൾ - യാക്കോബിന്റെ മക്കൾ (പാഠം 4 പേജ് 32 പാര 4 )

## D. നമസ്ക്കാരങ്ങൾ/ സത്യദീപം/ബൈബിൾ /ലോഗോ

16. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ (നമസ്കാരങ്ങൾ പേജ് 11)
17. വി. സെബസ്ത്യാനോസ് (സത്യദീപം, Aug 07 പേജ് 08)
18. (1 തെസലോനിക്കാ 5:16) (വചനദിപം പേജ് 25 Aug 25)
19. നാല് ആൾരൂപങ്ങൾ(വചനദീപം പേജ് 10)

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക.

20. പാഠം 2 പേജ് 17 പാര 1
21. പാഠം 1 പേജ് 10 പാര 1
22. പാഠം 2 പേജ് 18 പാര 3
23. പാഠം 8 പേജ് 59 പാര 4
24. പാഠം 9 പേജ് 63 പാര 1

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.

25. (ഉപപാഠം 3,4,5)
ദിവ്യകാരുണ്യത്തോടുള്ള സ്നേഹം (ഏറെ സ്പർശിച്ച ദിവ്യകാരുണ്യ അത്ഭുതം, അത്ഭുതങ്ങളുടെ വെർച്ചൽ ലൈബ്രറി, ദിവ്യകാരുണ്യത്തെ കുറിച്ചുള്ള ചിന്തകൾ)
ജപമാല ഭക്തി (മാതാവിനെക്കുറിച്ചുള്ള ചിന്തകൾ)

Or

(പാഠം 4) ജോസഫിന്റെ സ്വപ്നം, ജോസഫ് ഈജിപ്തിൽ, സ്വപ്നം വ്യാഖ്യാനിക്കുന്നു, ജോസഫ് ഈജിപ്തിന്റെ കാര്യസ്ഥൻ

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**08/10/2023** മാർക്ക് – 50
**10.30 A.M. - 12.30 P.M.** **STD - V** സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10

1. ആത്മാവിനുള്ള ഭക്ഷണം എന്താണെന്നാണ് ഈശോ പഠിപ്പിച്ചത്?
2. വിശ്വാസത്തോടെ ദൈവവചനം കേൾക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർക്ക് ലഭിക്കുന്നതെന്ത്?
3. ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളായി മാറിയത് ആര്?
4. മോശയ്ക്കു ദൈവത്തിന്റെ ദർശനമുണ്ടായത് എവിടെ വച്ച്?
5. "കർത്താവേ, ഞാൻ ഒരിക്കലും വാക്ചാതുരിയുള്ളവനായിരുന്നില്ല..... സംസാരിക്കുമ്പോൾ നാവിനു തടസ്സമുള്ളവനാണ് ഞാൻ" എന്ന് പറഞ്ഞതാര്?
6. ഇസ്രായേൽ ജനം എന്തിന്റെ ഓർമ്മയായിട്ടാണ് പെസഹാതിരുനാൾ ആചരിച്ചിരുന്നത്?
7. മോശ ഉടമ്പടി ഉറപ്പിച്ചത് എന്തിനാലാണ്?
8. ഈജിപ്തിനെ ശിക്ഷിക്കാനും ഇസ്രായേലിനെ രക്ഷിക്കാനുമുള്ള തന്റെ പദ്ധതി ദൈവം വിവരിച്ചു കൊടുത്തത് ആർക്കാണ്?
9. അബ്രാഹം 'വിശ്വാസികളുടെ പിതാവ്' എന്ന പദവിയിലേക്ക് ഉയരാൻ കാരണമെന്ത്?
10. ലോകത്തിന് ലഭിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും മനോഹരമായ കല്പന

| |
|---|
| സ്നേഹത്തിന്റെ കല്പന |
| ഈജിപ്തിലെ അടിമത്തത്തിൽനിന്നും മോചനം |
| മോശ |
| ബലിയുടെ രക്തം |
| അഹറോൻ |
| യാക്കോബിന്റെ മക്കൾ |
| മോശയ്ക്കും അഹറോനും |
| ദൈവികജീവൻ |
| ദൈവത്തിലുള്ള ശരിയായ വിശ്വാസം |
| ഹോറെബ് മലയിൽ |
| ദൈവത്തിലുള്ള സ്നേഹം |
| ദൈവവചനം |
| സീനായ് മലയിൽ |
| നിത്യമായ ജീവനും രക്ഷയും |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. ദൈവം മോശ വഴി നൽകിയ പത്തു പ്രമാണങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു. അവ ക്രമത്തിൽ എഴുതുക?

| | |
|---|---|
| നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത് | മോഷ്ടിക്കരുത് |
| പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക | സാബത്ത് വിശുദ്ധ ദിനമായി ആചരിക്കുക |
| വ്യാജസാക്ഷ്യം നൽകരുത് | ഞാനാണ് നിന്റെ ദൈവമായ കർത്താവ് ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്. |

12. ഫറവോയുടെ ആധിപത്യത്തിൽനിന്നും ഇസ്രായേലിനെ രക്ഷിക്കുവാൻ ദൈവം ഒരുക്കിയ സംഭവങ്ങൾ ഏവ? അവസാനത്തെ ആറു എണ്ണം ക്രമമായി എഴുതി പൂരിപ്പിക്കുക?

ഫറവോയും സൈന്യവും അവരെ പിൻതുടർന്നു ..............

**C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക** **5X1=5**

| | | |
|---|---|---|
| 13. ബൈബിൾ | - | പുതിയ ദൈവജനം |
| ബഥേൽ | - | ഇസ്രായേൽ |
| സഭ | - | ഊർ |
| അബ്രാഹം | - | വാഗ്ദാനപേടകം |
| യാക്കോബ് | - | ദൈവത്തിന്റെ സന്ദേശം |
| | - | ന്യായാധിപൻ |
| | - | ദൈവത്തിന്റെ ഭവനം |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

14. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ എഴുതുക?

15. ഇന്ത്യയിലെ രണ്ടാമത്തെ വലിയ അതിരൂപത ഏത്?

16. തിരുവചനം എഴുതുക. സങ്കീർത്തനം 27:13 "ജീവിക്കുന്നവരുടെ .........."

17. 2023-2024 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'വിരിച്ചുപിടിച്ച കൈകൾ' എന്തിനെ സൂചിപ്പിക്കുന്നു.

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. പഴയനിയമഗ്രന്ഥങ്ങളെ പൊതുവിൽ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവ ഏതെല്ലാം?

19. ദൈവം ഉടമ്പടിയിലൂടെ മൂന്നൂ വാഗ്ദാനങ്ങൾ അബ്രാഹത്തിനു നൽകി. മൂന്നാമത്തെ വാഗ്ദാനം എന്തായിരുന്നു?

20. മോശയുടെ ചരിത്രം നമുക്കു നൽകുന്ന സന്ദേശമെന്ത്?

21. പുതിയ ദൈവജനമായ സഭയെ നയിക്കുന്നത് ആര്?

22. തങ്ങളെ തടവിലാക്കുമെന്ന് കരുതി ഭയന്ന സഹോദരന്മാരെ ധൈര്യപ്പെടുത്തിക്കൊണ്ട് ജോസഫ് പറഞ്ഞത് എന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്? മൂന്നാം പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക?

**(അല്ലെങ്കിൽ)**

24. ക്രിസ്തുവിനോടും സഭയോടും ചേർന്ന് നിൽക്കുവാൻ നമ്മെ സഹായിക്കുന്നതാണല്ലോ വിശ്വാസപരിശീലനം. ഈ വിശ്വാസപരിശീലനം നിങ്ങളെ ഏതെല്ലാം വിധത്തിൽ സഹായിക്കുന്നുണ്ട്?

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/10/2022 മാർക്ക് – 50

10.30 A.M. - 12.30 P.M. **STD - V** സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1X5=5

1. വാക്ചാതുര്യം കുറഞ്ഞ മോശയ്ക്കുവേണ്ടി സംസാരിക്കാൻ ദൈവം ആരെയാണ് ചുമതലപ്പെടുത്തിയത്?

   1. ജോഷ്വ 2. അഹറോൻ 3. ലേവി

2. പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ ഏതു പേരിലാണ് അറിയപ്പെടുന്നത്?

   1. സാർവത്രിക ലേഖനങ്ങൾ 2. പ്രവാചക ഗ്രന്ഥങ്ങൾ 3. പഞ്ചഗ്രന്ഥി

3. എന്തിന്റെ പൂർത്തീകരണമാണ് പുതിയനിയമം?

   1. പ്രവചനങ്ങളുടെ 2. പഴയനിയമത്തിന്റെ 3. വാഗ്ദാനങ്ങളുടെ

4. ആരുടെ സന്തതിപരമ്പരയാണ് 'ഇസ്രായേൽ ജനത' എന്ന് വിളിക്കപ്പെട്ടത്?

   1. അബ്രാഹം 2. ഇസഹാക്ക് 3. യാക്കോബ്

5 'ബൈബിൾ' എന്ന വാക്കിന്റെ അർത്ഥം?

   1. വചനം 2. പുസ്തകം 3. നിയമം

## B. പൂരിപ്പിക്കുക 1X5=5

6. ------- മലയിൽ വച്ചാണ് ദൈവം മോശവഴി പത്ത് പ്രമാണങ്ങൾ ഇസ്രായേൽ ജനത്തിന് നൽകിയത്.

7. ഭാരതത്തിൽ നിന്നുള്ള ആദ്യത്തെ അത്മായ രക്തസാക്ഷിയായ വിശുദ്ധനാണ് -------.

8. ഈജിപ്തിൽനിന്നു മോചിതരായ ഇസ്രായേൽജനം ------- ലക്ഷ്യമാക്കിയാണ് മരുഭൂമിയിലൂടെ യാത്ര ചെയ്തത്.

9 "ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, -------, ഇന്നു ജനിച്ചിരിക്കുന്നു". (ലൂക്കാ 2:11)

10 സ്നേഹമുള്ള ദൈവപിതാവ് തന്റെ മക്കൾക്ക് ശ്രദ്ധാപൂർവ്വം നൽകിയ സമ്മാനമാണ് -------.

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. മോശയുടെ ചരിത്രം നമുക്ക് നൽകുന്ന സന്ദേശമെന്ത്?
12. ബൈബിൾ ജീവിതത്തിനു വഴികാട്ടിയാണെന്നു പറയാൻ കാരണമെന്ത്?
13. ഇസ്രായേൽജനം എന്തിനുവേണ്ടിയാണ് പെസഹാത്തിരുനാൾ ആചരിച്ചിരുന്നത്?
14. മൂലപാപങ്ങൾക്കെതിരായ പുണ്യങ്ങൾ എഴുതുക.
15. ദൈവം തന്റെ ഉടമ്പടിയിലൂടെ അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങൾ ഏവ?
16. 2022–2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ഒപ്പം നടക്കാം' എന്നാണല്ലൊ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'കാൽപ്പാടുകൾ' എന്തിനെ സൂചിപ്പിക്കുന്നു?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക 4x2=8**

17. ഇസ്രായേലിന് ഈജിപ്തിൽ എത്തിച്ചേരാൻ ദൈവം ജോസഫിലൂടെ വഴിയൊരുക്കിയ സംഭവം വിവരിക്കുക.
18. സഭ: തീർത്ഥാടക സമൂഹമാണ്. വിശദമാക്കുക.
19. ബൈബിൾ ദൈവത്തിന്റെ സ്നേഹസന്ദേശങ്ങൾ നിറഞ്ഞതാണ്. വിശദമാക്കുക.

**E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5**

20. ദൈവത്തിന്റെ വഴികൾ മനുഷ്യരുടേതുപോലെയല്ല. ആപത്തുകളുടെ മധ്യത്തിലും നമ്മെ സംരക്ഷിക്കുന്ന ദൈവത്തെയാണ് മോശയുടെ ചരിത്രം നമുക്ക് കാണിച്ചുതരുന്നത്. മോശയുടെ ചരിത്രത്തിലെ വിവിധ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ദൈവപരിപാലനയെക്കുറിച്ച് എഴുതുക.
21. മൊബൈൽ ഫോണിന്റെ ഉപയോഗം അസാധാരണമാംവിധം വർദ്ധിച്ചുവരുന്നുണ്ടല്ലൊ. ഇതിന് അഡിക്ട് ആകുന്നവരുമുണ്ട്. ഇവയുടെ ഉപയോഗം നിയന്ത്രിക്കാനും അഡിക്ട് ആകാതിരിക്കാനുംവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കുകയെന്ന് വിവരിക്കുക.

22. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# STD V

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. അഹറോൻ (പാഠം 6, പേജ് 42, പാര. 1)
2. പഞ്ചഗ്രന്ഥി (പാഠം 1, പേജ് 11, പാര. 3)
3. പഴയനിയമത്തിന്റെ (പാഠം 1, പേജ് 12, പാര. 3)
4. യാക്കോബ് (പാഠം 3, പേജ് 25, പാര. 4)
5. പുസ്തകം (പാഠം 1, പേജ് 9, പാര. 1)

## B. പൂരിപ്പിക്കുക

6. സീനായ് (പാഠം 8, പേജ് 57, പാര. 4)
7. വി. ദേവസഹായം (ജനറൽ)
8. കാനാൻദേശത്തെ (പാഠം 7, പേജ് 53, പാര. 2)
9. കർത്താവായ ക്രിസ്തു (ലൂക്കാ 2:11) (ബൈബിൾ)
10. പ്രമാണങ്ങൾ (പാഠം 8, പേജ് 59, പാര. 2)

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

11. പാഠം 5, പേജ് 40, പാര. 1
12. പാഠം 1, പേജ് 10, പാര. 1
13. പാഠം 6, പേജ് 46, പാര. 1
14. നമസ്കാരം 22
15. പാഠം 2, പേജ് 17, പാര. 2
16. ലോഗോ

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക

17. പാഠം 4, പേജ് 31-32
18. പാഠം 7, പേജ് 53, പാര. 2
19. പാഠം 1, പേജ് 10-11

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക ( ഏതെങ്കിലും ഒരെണ്ണം)

20. പാഠം 5, പേജ് 40

21.